11270
28/10/14



# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മരണമടയുമ്പോൾ മൃതദേഹം പൊതുശ്മശാനത്തിൽ എത്തിക്കുന്നതിനും മരണാനന്തരചടങ്ങുകളുടെ ചെലവുകൾക്കുമായി നല്കിവരുന്ന ധനസഹായം 1000 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(സാധാ)നം. 1823/2014/പജപവവിവ. തീയതി, തിരുവനന്തപുരം, 27.10.2014

---

പരാമർശം: 1. 11.05.2010 ലെ സ.ഉ.(കൈ)നം.498/2010/പജപവവിവ

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21.05.2014 ലെ ഡെവ.എ 3-12966/14 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മരണമടയുമ്പോൾ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗക്കാർക്ക് മൃതദേഹം പൊതുശ്മശാനത്തിൽ എത്തിക്കുന്നതിനും മരണാനന്തരചടങ്ങുകളുടെ ചെലവുകൾക്കുമായി പരാമർശം(1)ലെ ഉത്തരവ് പ്രകാരം ബഹു.പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1000 രൂപയാണ് നല്കിവരുന്നത്. വാഹന ചെലവിൽ വന്നിട്ടുള്ള ഗണ്യമായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ തുക അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് പരാമർശം(2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മരണമടയുമ്പോൾ മൃതദേഹം സംസ്കരിക്കുന്നതിനായി 5 കിലോമീറ്ററിലധികം ദൂരെയുള്ള പൊതുശ്മശാനത്തിൽ എത്തിക്കേണ്ടതായി വരുന്ന സന്ദർഭങ്ങളിൽ ആയതിന്റെ ചെലവിലേക്കായി ബഹു.പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുവരുന്ന ധനസഹായം 1000 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മരണമടയുന്നയാളുടെ ആധാർ നമ്പർ കൂടി ഉൾപ്പെടുത്തി അപേക്ഷാഫോറം പരിഷ്കരിക്കുന്നതിന്/തയ്യാറാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ . സി
അണ്ടർ സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ